## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1165 — 12.06.2014- ൽ മറുപടിക്ക്

### ഇടിമിന്നൽ മൂലമുള്ള അപകടങ്ങൾക്ക് നഷ്ടപരിഹാരം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. റ്റി.വി.രാജേഷ് | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | ഇടിമിന്നൽ മൂലമുള്ള അപകടങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ കൂടുതലായി ഇടിമിന്നൽ ഉണ്ടാകുന്ന സ്ഥലങ്ങളെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; | (എ) | വിശദമായ വിവരശേഖരണവും പഠനങ്ങളും ഭൗമശാസ്ത്രപഠന കേന്ദ്രം (CESS) നടത്തിയിട്ടുണ്ട്. തുടർ പഠനങ്ങളും നടന്ന് വരുന്നു. |
| (ബി) | ഇടിമിന്നൽ മൂലമുണ്ടാകുന്ന അപകടങ്ങൾക്ക് എന്തൊക്കെ നഷ്ട പരിഹാരങ്ങളാണ് നൽകി വരുന്നത്; വിശദാംശം നൽകുമോ? | (ബി) | 01/07/2011 ലെ സ.ഉ(ആർ.റ്റി) 2766/11/റവ നം. ഉത്തരവ് പ്രകാരം ഇടിമിന്നൽമൂലം മരണമടയുന്നവരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായമായി ഒരു ലക്ഷം രൂപ വീതം നൽകി വരുന്നു. 02/06/2012 ലെ സ.ഉ (എം.എസ്) നം. 223/12/റവ ഉത്തരവ് പ്രകാരം ഇടിമിന്നലേറ്റ് പരിക്കു പറ്റുന്നവർക്കും / വാസഗൃഹങ്ങൾക്ക് കേട് സംഭവിക്കുന്നവർക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും താഴെ പ്പറയുന്ന ഉപാധികളോടുകൂടി പരമാവധി 10,000/- രൂപ അനുവദിച്ചു വരുന്നു.<br><br>1) പരിക്കു പറ്റുന്ന സാഹചര്യത്തിൽ ഇടിമിന്നൽ മൂലമുള്ള പരിക്കേറ്റതിന് ഐ.പി. വിഭാഗത്തിൽ ചികിത്സ നൽകി എന്നതു സംബന്ധിച്ചുള്ള ഡോക്ടറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കണം.<br>2) സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട തഹസീൽദാർമാരുടെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിരിക്കണം.<br>3) ഇടിമിന്നലിൽ വീടിനും മറ്റും നാശനഷ്ടങ്ങൾ സംഭവിച്ചവർക്ക് തഹസീൽദാർമാർ തയ്യാറാക്കുന്ന മഹസ്സറിന്റെ അടിസ്ഥാനത്തിൽ ബന്ധ പ്പെട്ട ജില്ലാ കളക്ടർമാർ ശുപാർശകൾ സമർപ്പിക്കേണ്ടതും ആയതിന്റെ അടി സ്ഥാനത്തിൽ പരമാവധി 10,000/- രൂപ ധനസഹായം അനുവദിക്കാവുന്നതു മാണ്. |

സെക്ഷൻ ഓഫീസർ